**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2895** **24-02-2026 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ ഫിഷറീസ് കോളേജിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂരിലെ ഫിഷറീസ് കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അനുവദിച്ച തുക എത്രയാണെന്നും അതിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ; | (എ) | 2024-25 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിലേക്കായി പയ്യന്നൂർ ഫിഷറീസ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായുള്ള 118 ലക്ഷം രൂപ അടക്കം 19 പദ്ധതികൾക്കായി 848 ലക്ഷം രൂപയുടെ ഭരണാനുമതി സർവകലാശാലയ്ക്ക് നൽകിയിരുന്നു. പ്രസ്തുത അടിസ്ഥാന സൗകര്യ വികസനം ഘടകത്തിൽ 495 ലക്ഷം രൂപ മാത്രമാണ് സർവകലാശാലയ്ക്ക് അനുവദിച്ചിരുന്നത്. ഈ തുക, മുൻവർഷങ്ങളിലെ കുടിശ്ശിക ഉണ്ടായിരുന്ന ബില്ലുകൾ തീർക്കാൻ മുൻഗണന നൽകി ആണ് ഉപയോഗിച്ചത്. ആയതിനാലും സർവ്വകലാശാലയ്ക്ക് ലഭ്യമായ പ്ലോട്ടിലേക്ക് വഴി ലഭിക്കാൻ സാങ്കേതിക തടസ്സം നിലനിന്നിരുന്നതുകൊണ്ടും പുതിയ കെട്ടിട നിർമാണം ആരംഭിച്ചിട്ടില്ല. |
| (ബി) | പുതിയ കെട്ടിടത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് അറിയിക്കാമോ; | (ബി) | പയ്യന്നൂരിലെ ഫിഷറീസ് കോളജിന്റെ പുതിയ കെട്ടിടത്തിന്റെ ഡി. പി. ആർ. തയ്യാറാക്കുന്നതിന് KITCO യെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോളേജിന്റെ സ്ഥലപരിമിതി കാരണം പുതിയ കെട്ടിട നിർമ്മാണം വേഗത്തിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പയ്യന്നൂരിലെ ഫിഷറീസ് കോളജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിലവിൽ സർവകലാശാലയ്ക്ക് ലഭ്യമായ പ്ലോട്ടിലേക്കുള്ള വഴി ചില പ്രാദേശിക പ്രശ്നങ്ങൾ കാരണം ലഭ്യമായിട്ടില്ല. ആയത് ലഭ്യമായാൽ ഉടൻ പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ